പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 509

21.10.2011 ൽ
മറുപടിയ്ക്ക്

ചെറുകിട ഐ.ടി. കമ്പനികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്

ചോദ്യം

ശ്രീ. എം.എ. വാഹീദ്;
ശ്രീ. പി.സി. വിഷ്ണുനാഥ്;
ശ്രീ. അൻവർ സാദത്ത് ;
ശ്രീ. വി.റ്റി. ബൽറാം ;

എ) സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന ചെറുകിട ഐ.ടി. കമ്പനികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

ബി) എങ്കിൽ പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി)

(എ) ആന്റ് (ബി)

സർക്കാരിന്റെ പുതിയ കരട് ഐ.ടി. നയമനുസരിച്ച് ചെറുകിട ഐ.ടി. കമ്പനികൾക്ക് പ്രത്യേക സാമ്പത്തിക സഹായ പാക്കേജ് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ മാറ്റമില്ലാതെ നിലനിർത്തുമെന്നും കരട് ഐ.ടി. നയത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം എറണാകുളം എന്നീ ജില്ലകളിൽ തുടങ്ങുന്ന ഐ.ടി കമ്പനികൾക്ക് മുടക്കുമുതലിന്റെ 30% Standard Investment Subsidy (SIS) ആയി നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പരമാവധി 15 ലക്ഷം രൂപവരെയാണ് സബ്സിഡി ആനുകൂല്യം നല്കിവരുന്നത്. തിരുവനന്തപുരം, എറണാകുളം ജില്ലകൾക്ക് പുറമെയുള്ള മറ്റ് ജില്ലകളിൽ SIS മുടക്കുമുതലിന്റെ 40.% ഉം പരമാവധി നല്കുന്ന സബ്സിഡി ആനുകൂല്യം 25 ലക്ഷം രൂപയുമാണ്.

2. സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി യൂണിറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും ഇളവ് ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ അടിസ്ഥാനസൗകര്യ വികസനപദ്ധതികളുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്ന യന്ത്രസാമഗ്രികൾ , മറ്റ് നിർമ്മാണ വസ്തുക്കൾ എന്നിവയുള്ള പ്രവേശനനികുതിയും ഒഴിവാക്കിക്കൊടുക്കുന്നുണ്ട്.

3. കേരളത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന IT Software യൂണിറ്റുകൾക്ക് 7.5% വും IT Hardware യൂണിറ്റുകൾക്ക് 10% വും പ്രൈസ് പ്രിഫറൻസ് തുടർന്നും നൽകുന്നതാണ്.

ചെറുകിട കമ്പനികൾക്ക് CMMI Level രണ്ടോ അതിലധികമോ Certification ലഭ്യമാക്കുവാൻ പ്രത്യേക ആനുകൂല്യങ്ങൾ നല്കുമെന്നും കരട് നയത്തിൽ പറഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ